പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1438 13/06/2014-ൽ മറുപടിയ്ക്ക്

"കാഞ്ഞങ്ങാട് പട്ടണത്തിലെ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ"

| ചോദ്യം<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് പട്ടണത്തിലെ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ യും, ബി യും) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2006 ൽ പ്രവർത്തനമാരംഭിച്ച ഇപ്പോഴത്തെ മാർക്കറ്റിൽ മാലിന്യ സംസ്ക്കരണത്തിനായി തീരദേശ ഫണ്ട് ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ഇവർ നിർമ്മിച്ച പ്ലാൻറ് പ്രവർത്തന ക്ഷമമല്ലാത്തതിനാൽ ഉപേക്ഷിക്കുകയാണുണ്ടായത്. ഇപ്പോൾ മാർക്കറ്റ് നവീകരണത്തിനായി 13 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള കാര്യക്ഷമമായ പ്രവൃത്തികൾ നഗരസഭ നടത്തി വരുന്നുണ്ട്. മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നത് തടയുന്നതിനും, ഉറവിടത്തിൽ തന്നെ ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും മാർക്കറ്റിന്റെ പല ഭാഗത്തു നിന്നും മത്സ്യ വിൽപ്പന ഒഴിവാക്കി ഒരിടത്ത് തന്നെ ഇരുന്ന് വിൽപ്പന നടത്തുന്നതിനും ഇരിപ്പിടങ്ങൾ പണിതുകൊണ്ടിരിക്കുകയാണ്. കൂടാതെ മാർക്കറ്റിലുണ്ടായിരുന്ന മലിനജലവും, ചെളിയും കുഴിയുണ്ടാക്കി നിക്ഷേപിച്ച് കുമ്മായം വിതറി മൂടിയിട്ടുണ്ട്. മാർക്കറ്റിലേയ്ക്ക് വരുന്ന റോഡുകളുടെ കുഴികളടച്ച് അറ്റകുറ്റപണികൾചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല റെയിൽവേയുമായി സഹകരിച്ച് |
| (ബി) | പ്രസ്തുത മാർക്കറ്റ് ആധുനിക വൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

| | | | |
|---|---|---|---|
| | | | റെയിൽവേ റോഡിന് സമാന്തരമായി താല്ക്കാലിക ഡ്രൈനേജ് സംവിധാനം നടത്തികൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ